ആരോഗ്യ സേവനരംഗം പുനഃസംവിധാനം ചെയ്യുന്നതിന് നടപടി

* 248 [387] ശ്രീ. കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ:
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തെ ആരോഗ്യ സേവന രംഗം കൂടുതൽ ജനസേവനപരമാക്കുന്നതരത്തിൽ പുനഃസംവിധാനം ചെയ്യുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അവ എന്നു മുതലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് റൂറൽ ഡിസ്പെൻസറികളെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി രോഗപ്രതിരോധ സേവനത്തിന് മുൻതൂക്കം കൊടുക്കുന്നതാണ്. അലോപ്പതി ചികിൽസാ സൗകര്യങ്ങളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ച് കൂടുതൽ ജനങ്ങൾക്ക് വൈദ്യ സഹായം നൽകാനും ഉദ്ദേശമുണ്ട്. 5,000 ജനങ്ങൾക്കുവേണ്ടി ഒരു ഫാമിലി വെൽഫയർ സെന്ററിവീതം ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് തുടങ്ങുവാൻ നടപടികൾ എടുത്തുവരുന്നു. 5,000 ജനങ്ങൾക്ക് ഒന്നുവീതം വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകരേയും നിയമിക്കുവാൻ പദ്ധതിയുണ്ട്. ഹരിജനങ്ങളും ഗിരിജനങ്ങളും കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഇത് 2,500 ജനസംഖ്യക്ക് ഒന്നുവീതം എന്ന് നിശ്ചയിച്ചിട്ടുണ്ട്. താലൂക്കാശുപത്രികളിൽ പൈകമ്മിറ്റി ശുപാർശയനുസരിച്ച് ഉള്ള എല്ലാ സ്പെഷ്യാലിറ്റികളും ആരംഭിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആശുപത്രി ആക്കിയതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയും റഫറൽ ആശുപത്രിയാക്കുകയും ചുറ്റുപാടുമുള്ള ആശുപത്രികളിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരികയും ചെയ്യുന്നു. ഇരുപതിന പരിപാടികളും മറ്റു ദേശീയ പരിപാടികളും കൂടുതൽ ഊർജ്ജിതപ്പെടുത്തി, കുഷ്ഠരോഗ നിവാരണം, അന്ധതാ നിവാരണം, ക്ഷയരോഗ നിവാരണം മുതലായ പദ്ധതികൾ ഫലപ്രദമായി നടത്തി വരുന്നു. ഗിരിജനങ്ങൾക്കായി പ്രത്യേക പോഷകാഹാര പരിപാടിയും നടപ്പിലാക്കി വരുന്നു.

(സി) ഏഴാം പദ്ധതിയുടെ ആരംഭ വർഷത്തിൽത്തന്നെ ഈ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly